## 545

1 ലോകമാം ഗംഭീരവാരിധിയിൽ വിശ്വാസക്കപ്പലിലോടിയിട്ട്
നിത്യവീടൊന്നുവിടെയെത്തി കർത്തനോടുകൂടെ വിശ്രമിക്കും

യാത്ര ചെയ്യും ഞാൻ ക്രൂശെ നോക്കി
യൂദ്ധം ചെയ്യും ഞാനേശുവിന്നായ്
ജീവൻ വച്ചിടും രക്ഷകനായ് അന്ത്യശ്വാസം വരെയും

2 കാലം കഴിയുന്നു നാൾകൾ പോയി കർത്താവിൻ വരവു സമീപമായ്
മഹത്ത്വനാമത്തെകീർത്തിപ്പാനായ് ശക്തീകരിക്ക നിൻ ആത്മാവിനാൽ

3 ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹിദു:ഖത്താൽ ക്ഷയിച്ചെന്നാലും എല്ലാം പ്രതികൂലമായെന്നാലും

4 ലോകം ത്യജിച്ചതാം സിദ്ധൻമാരും നിർമ്മല ജ്യോതിസ്സാം ദൂതൻമാരും
രക്തസാക്ഷികളാം സ്നേഹിതരും സ്വാഗതം ചെയ്യും മഹൽസദസ്സിൽ

5 വീടെുപ്പിൻ ഗാനം പാടി വാഴ്ത്തി രക്ഷകനേശുവെ കുമ്പിടും ഞാൻ
കഷ്ടത തുഷ്ടിയായ് ആസ്വദിക്കും സാധുക്കൾ മക്കൾക്കീ ഭാഗ്യം ലഭ്യം-

**A.M.**